# വാരിയെല്ല്
## സുഗതകുമാരി

''മകളേ. നീ ഒരിക്കലും ചീത്തയായിട്ടില്ല.
ധീരമായി നിവർന്നു നിൽക്കണം. ആ ശിരസ്സു കുനിഞ്ഞുകൂടാ.
ദുരിതമനുഭവിക്കുന്ന മറ്റു പെൺകുട്ടികൾക്ക്
അത്താണിയും വെളിച്ചവുമായി നീ വളരണം.''
പെണ്ണായിപ്പിറന്നതിന്റെ പേരിൽ സമൂഹത്തിലെ എല്ലാ
ഘടനകളിൽനിന്നും യാതനകളും പീഡനങ്ങളും ഏറ്റു വാങ്ങേണ്ടിവരുന്ന
ഒരു വർഗ്ഗത്തിനായി നീളുന്ന അഭയഹസ്തമാണ് മലയാളത്തിന്റെ
പ്രിയ കവി സുഗതകുമാരി. സൈദ്ധാന്തികഭാരങ്ങളില്ലാതെ
സ്ത്രീശാക്തീകരണത്തിനായി കർമ്മനിരതയാകുന്ന ഒരു ഹൃദയത്തിന്റെ
സ്പന്ദനങ്ങളാണ് ഈ ലേഖന സമാഹാരം.

കവർ ഡിസൈൻ: സൈനുൽ ആബിദ്

ഡിസി ബുക്സ്
www.dcbooks.com
ലേഖനം

ISBN 978-81-264-2604-1
9 788126 426041 00003
E-book available
₹ 85

സുഗതകുമാരി • വാരിയെല്ല്

8M4 SUG/V
736

ഡിസി ബുക്സ്

# സുഗതകുമാരി



8M4 SUG/V
CASMTVK
736

# വാരിയെല്ല്

dcb

736

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 736 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| 16-019<br>22 FEB 2017<br>24 JAN 2019<br>7/10/19 | | |

8M4 SUG/V
CASMTVK
736

ege Library TVK
736*

സുഗതകുമാരി

1934 ജനുവരിയിൽ ജനിച്ചു. തത്ത്വശാസ്ത്രത്തിൽ എം.എ. ബിരുദം. തിരുവനന്തപുരം ജവാഹർ ബാലഭവന്റെ പ്രിൻസിപ്പൽ, കുട്ടികൾക്കുള്ള 'തളിര്' മാസികയുടെ പത്രാധിപ, സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ എന്നീ സ്ഥാനങ്ങൾ വഹിച്ചു. പ്രകൃതിസംരക്ഷണസമിതിയുടെയും 'അഭയ'യുടെയും സ്ഥാപക സെക്രട്ടറി. കേരള സാഹിത്യ അക്കാദമി അവാർഡ് *(പാതിരാപ്പൂക്കൾ)*, സാഹിത്യ അക്കാദമി അവാർഡ്, സാഹിത്യ പ്രവർത്തക അവാർഡ് *(രാത്രിമഴ)*, ഓടക്കുഴൽ അവാർഡ്, ആശാൻ പ്രൈസ്, വയലാർ അവാർഡ് *(അമ്പലമണി)*, ആശാൻ സ്മാരക സമിതി *(മദ്രാസ്)* അവാർഡ് (കുറിഞ്ഞിപ്പൂക്കൾ), വിശ്വദീപം അവാർഡ് (തുലാവർഷപ്പച്ച), അബുദാബി മലയാളി സമാജം അവാർഡ് *(രാധയെവിടെ?)*, ജന്മാഷ്ടമി പുരസ്കാരം *(കൃഷ്ണകവിതകൾ)*, എഴുത്തച്ഛൻ പുരസ്കാരം, സാമൂഹ്യസേവനത്തിനുള്ള ഭാട്ടിയ അവാർഡ്, സേക്രഡ് സോൾ അന്തർദേശീയ പുരസ്കാരം, പ്രകൃതിസംരക്ഷണയത്നങ്ങൾക്കുള്ള ഇന്ത്യാ ഗവൺമെന്റിന്റെ ആദ്യത്തെ വൃക്ഷമിത്ര അവാർഡ് എന്നിവ ലഭിച്ചു. 2006-ൽ രാഷ്ട്രം പത്മശ്രീ നല്കി ആദരിച്ചു.

സുഗതകുമാരിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കവിത*
അമ്പലമണി
കുറിഞ്ഞിപ്പൂക്കൾ
രാത്രിമഴ
രാധയെവിടെ?
ദേവദാസി
കൃഷ്ണകവിതകൾ
മണലെഴുത്ത്
സുഗതകുമാരിയുടെ കവിതകൾ
സമ്പൂർണ്ണം
തുലാവർഷപ്പച്ച
കുടത്തിലെ കടൽ

*ബാലസാഹിത്യം*
വാഴത്തേൻ
ഒരു കുല പൂവുംകൂടി
അയലത്തു പറയുന്ന കഥകൾ

ലേഖനം
കാവു തീണ്ടല്ലേ...
മേഘം വന്നു തൊട്ടപ്പോൾ
വാരിയെല്ല്

സുഗതകുമാരി

# വാരിയെല്ല്

ഡി സി ബുക്സ്

LIBRARY

MALAYALAM LANGUAGE
Vāriyellu

*Literature/Essays*
*by* Sugathakumari

Rights Reserved
First Published January 2010
3rd impression October 2015

ILLUSTRATIONS
Devaprakash

COVER PHOTOGRAPH
P. Jayesh, Mathrubhumi

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
DC Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sugathakumari.
Variyellu/Sugathakumari.
104p; 21cm.
ISBN 978-81-264-2604-1
1. Malayalam essay. I. Title.
8M4*- dc 22.
(*This is Local Variation of DDC number for Malayalam Literature: Variyellu).

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-2604-1

Printed in India
at D C Press, Kottayam, INDIA.

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 85.00

513/15-16-Sl.No. 14849-dcb 4334-(3) 1000-2545-10-15-ltc. 18.1-p as-r(t) ar-d(t) sm

ഇവൾക്കു മാത്രമായ്, കടലോളം കണ്ണീർ
കുടിച്ചവൾ, കന്നിനിലാവൊളിപോലെ
ചിരിപ്പവൾ, ഉള്ളിൽ കൊടും തീയാളിടും
ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ
ചവിട്ടാൻ, നിങ്ങൾക്കു ചിലപ്പോൾ പൂജിക്കാൻ
പരക്കെപ്പുച്ഛിക്കാൻ, പരിത്യജിക്കുവാൻ,
തുണയ്ക്കു കൈകോർത്തു നടക്കാൻ, മക്കളെ
പിടയ്ക്കും നെഞ്ഞത്തു കിടത്തിപ്പോറ്റുവാൻ
ഇവൾക്കു മാത്രമായൊരു ജന്മം; നെറ്റി-
ത്തടത്തിലുണ്ടിവൾക്കൊരിറ്റു കുങ്കുമം
വിളർത്ത ചുണ്ടത്തു നിലാച്ചിരി, ഹൃത്തിൻ
വിളക്കുമാടത്തിൽ ഒരു കെടാത്തിരി
ഇവൾ ദൈവത്തിനും മുകളിൽ സ്നേഹത്തെ
ഇരുത്തിപ്പൂജിപ്പോൾ, ഇവൾ കാലത്തിന്റെ
കരങ്ങളിൽ മാത്രം സമാശ്വസിക്കുവോൾ...
ഇവൾക്കു മാത്രമായ് ഒരു ഗാനം പാടാ-
നെനിക്കു നിഷ്ഫലമൊരു മോഹം സഖീ.

**സുഗതകുമാരി**

# ഉള്ളടക്കം


നമുക്ക് എന്തു സംഭവിക്കുന്നു? 9

വാരിയെല്ല് 13

'ഇതിലും വലിയതാണെന്റെ പൊന്നോമന' 19

സ്ത്രീ നീതിപീഠത്തിനു മുമ്പിൽ 23

വിതുര പെൺകുട്ടി പറയുന്നു: ഇനി വയ്യ 29

ദൈവം എങ്ങനെ തണുക്കും? 35

മാറാക്കളങ്കം 43

നളചരിതം നാലാംദിവസം ഒരു വിയോജനക്കുറിപ്പ് 45

നാം എന്തിനെ ന്യായീകരിക്കുന്നു? 51

മേരിയുടെ കത്തും സുഗതകുമാരിയുടെ മറുപടിയും 55

മരുതി എന്ന വ്യഥ 58

കുട്ടികളെ ചതിക്കുന്നവർ 65

നമ്മുടെ കുട്ടികൾ അപകടത്തിൽ 69

കരയരുത് പൊരുതുക 73

ഇര 77

ആങ്ങളമാർ കുറ്റിയറ്റുവോ? 81

ചെറുത്തുനില്പിനു സമയമായി 83

മക്കളെ കാണാതായിക്കൂടാ 89

വനിതാകമ്മീഷൻ ഖേദിക്കുന്നില്ല 93

കമല 97

പോംവഴിയെന്ത്? നിങ്ങൾതന്നെ പറയൂ 101

## നമുക്ക് എന്തു സംഭവിക്കുന്നു?

ഒരു നിലവിളിപോലെ, ഗർജ്ജനംപോലെ, ഒരു പിടച്ചിൽപോലെ, ചോദ്യമുയരുകയാണ്: മലയാളിക്ക് എന്തു സംഭവിക്കുന്നു?

പരിഷ്കൃതവേഷത്തിൽ, സൗഹൃദം നിറഞ്ഞ ചിരിയുമായി, മര്യാദയുള്ള സംഭാഷണരീതിയുമായി നമ്മുടെ മുന്നിൽ വന്നു നില്ക്കുന്ന വിദ്യാസമ്പന്നനായ ഈ മാന്യനാണോ—സൂര്യനെല്ലിയിലെ സ്കൂൾകുട്ടിയെ വില പേശി വിറ്റുകൊണ്ടേയിരുന്നത്, വാങ്ങിക്കൊണ്ടേയിരുന്നത്?

കൊല്ലത്ത്, എറണാകുളത്ത്, കോഴിക്കോട്ട് നക്ഷത്രമുദിച്ചതും ഉദിക്കാത്തതുമായ വേശ്യാലയങ്ങൾ നടത്തിപ്പോരുന്നത്? ഗൾഫ്നാടുകളിലെ നക്ഷത്രബാറുകളിലേക്ക് വ്യാജവിസയിൽ യുവതികളെ അയച്ച് പണം കൊയ്യുന്നത്?

അക്ഷരം പഠിച്ചിട്ടില്ലാത്ത വിതുരയിലെ പെൺകുട്ടിയെ ആറുമാസം പൂട്ടിയിട്ടു രസിച്ചത്?

ബസ്സിനുള്ളിൽ സ്ത്രീകളെ ഇരിക്കാനും നില്ക്കാനുമനുവദിക്കാതെ മാനംകെടുത്താൻ ശ്രമിക്കുന്നത്?

ചന്തയരികിലിരുന്ന് മീൻ വിൽക്കുന്ന പാവത്തിനെ തെരുവിലിട്ടുതന്നെ മാനഭംഗപ്പെടുത്തിയത്?

അച്ഛനോടൊപ്പം ഉത്സവം കണ്ടുകൊണ്ടിരുന്ന കൊച്ചുമകളെ പിന്നിലൂടെ ച്ചെന്ന് വായ്പൊത്തിപ്പിടിച്ച് ഇരുളിൽ മറഞ്ഞത്?

ചിറയിൻകീഴിലെ ചെറ്റപ്പുരയ്ക്കുള്ളിൽ കൂട്ടുകാരുമൊത്ത് കയറിച്ചെന്ന് വാവിട്ടുകരയുന്ന മക്കളുടെ മുന്നിലിട്ട് അമ്മയെ വെളുക്കുവോളം മാനഭംഗപ്പെടുത്തിയത്!...

ഈ മാന്യൻതന്നെയാണോ തെരുവോരങ്ങളിലും ട്രെയിനിലും ബസ്സിലും സിനിമാശാലയിലും ജനത്തിരക്കിലുമെല്ലാം രാവെന്നില്ലാതെ, പകലെന്നില്ലാതെ ധിക്കാരവും കാമവും ഭീരുത്വവുംകൊണ്ടുനിറഞ്ഞ തന്റെ ആൺമെയ്യുമായി ഇരതേടി നടക്കുന്നത്?

കുട്ടികൾ വന്നു പറയുന്നു:

"വഴിയിലൂടെ നടക്കാൻ പേടിയാണ്. ഓരോരുത്തർ വൃത്തികേടു കാണിക്കുന്നു."

അദ്ധ്യാപികമാർ പറയുന്നു: "കൂടെ ജോലി ചെയ്യുന്നയാളാണ്—പക്ഷേ, പറയുന്ന ഭാഷ, കാട്ടുന്ന ആംഗ്യങ്ങൾ, സഹിക്കാൻ വയ്യ."